# പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1801 – 04/05/2017 – ലെ മറുപടിക്ക്**

## കേന്ദ്ര ഫണ്ടുകളിൽ നിന്നും കേരളത്തിന്റെ വിഹിതം

**ചോദ്യം** | **ഉത്തരം**

**ശ്രീ. അബ്ദുൾ ഹമീദ്. പി.**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സമയബന്ധിതമായി വരവ് ചെലവ് കണക്കുകളും, നടത്തിപ്പ് റിപ്പോർട്ടും സമർപ്പിക്കാത്തതിനാൽ കേന്ദ്രാവിഷ്കൃത ഫണ്ടുകളിൽ നിന്നും കേരളത്തന്റെ വിഹിതം ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നു എന്ന പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള ഫണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്നതാണ്. വിവിധ കാരണങ്ങളാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്ര സർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. |
| ബി | പ്രസ്തുത പ്രശ്നങ്ങൾ കാരണം ഏതെങ്കിലും കേന്ദ്ര ഫണ്ട് തടസ്സപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | |
| സി | കേന്ദ്രത്തിൽ നിന്നും കേരളത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/ കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺ ലൈൻ സംവിധാനം (പി.എഫ്.എം.എസ്) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്രസർക്കാരിന്റെ പി.എഫ്.എം.എസ് ഓൺ ലൈൻ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരികയാണ്. ഇതു പ്രകാരം പി.എഫ്.എം.എസ് സംവിധാനത്തിലൂടെ കേന്ദ്രപദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി എല്ലാ ഡിപ്പാർട്ട്മെന്റുകളും പി.എഫ്.എം.എസിൽ രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുദ്യോഗ |

| | | |
|---|---|---|
| | | സ്ഥർക്ക് പരിശീലനം നൽകി വരുന്നു. പി.എഫ്.എം.എസ് സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതോടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്നും അവ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ടോയെന്നും നിരീക്ഷിക്കുവാൻ കഴിയും. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ഫണ്ട് കേന്ദ്രസർക്കാരിൽ നിന്ന് കാലതാമസം കൂടാതെ വാങ്ങിച്ചെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിലേക്ക് അയച്ചു കൊടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**